LIBRARY ARCHIVES Kerala Legislative Assembly

നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

75 [2044] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസിയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിയിലൂടെ നെല്ലുൽപ്പാദനത്തിൽ എത്ര ശതമാനം വളർച്ച യാണ് ലക്ഷ്യമിടുന്നത്;

(ഇ) കർഷകത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ;

(എഫ്) ഏതെല്ലാം പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരളത്തിലെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന്, നെൽകൃഷി ചെയ്യുന്ന പ്രത്യേക പ്രശ്നാധിഷ്ഠിത പ്രദേശങ്ങളെ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുള്ള 11 വികസന ഏജൻസികളിൽ 9 വികസന ഏജൻസികളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ നെൽകൃഷി പരിപോഷിപ്പിക്കുന്നതിന് 18425.93 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് 2003-04 സാമ്പത്തിക വർഷം സമർപ്പിച്ചിട്ടുണ്ട്.

(ബി) 18425.93 ലക്ഷം രൂപ.

(സി) ഇല്ല. ടി പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

(ഡി) 12 മെട്രിക് ടൺ ആയി ഉയർത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) താഴെപ്പറയുന്ന ഒമ്പത് ഏജൻസികൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. ഓണാട്ടുകര വികസന ഏജൻസി.
2. പുറക്കാട് വികസന ഏജൻസി.
3. തുറവൂർ വികസന ഏജൻസി.
4. വൈക്കം വികസന ഏജൻസി.
5. പൊക്കാളി വികസന ഏജൻസി.
6. കോൾനില വികസന ഏജൻസി.
7. പൊന്നാനി കോൾ വികസന ഏജൻസി.
8. പാലക്കാട് വികസന ഏജൻസി.
9. വയനാട് വികസന ഏജൻസി.